**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ ഗ്രാമപഞ്ചായത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ച് കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2000ലെ സ്പോർട്സ് ആക്ട് (2001ലെ 2 ആക്ട്) 2008ലെ സ്പോർട്സ് ചട്ടം എന്നിവ പ്രകാരം സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ രൂപീകരിക്കുന്ന സ്പോർട്സ് കൗൺസിലുകളിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലുള്ള അംഗങ്ങൾ ഉൾപ്പെടുന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളുടെ നിലവിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനോ അല്ലെങ്കിൽ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനോ ഉള്ള നടപടികൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2000ലെ സ്പോർട്സ് ആക്ട് (2001ലെ 2 ആക്ട്) 2008ലെ സ്പോർട്സ് ചട്ടം എന്നിവ പ്രകാരം സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ രൂപീകരിക്കുന്ന സ്പോർട്സ് കൗൺസിലുകളിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലുള്ള അംഗങ്ങൾ ഉൾപ്പെടുന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളുടെ നിലവിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനോ അല്ലെങ്കിൽ പുതുതായി രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനോ ഉള്ള നടപടികൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് ഹൈസ്കൂളിൽ ആധുനിക കളിസ്ഥലം ഉൾപ്പെടെയുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ